# ഹിജാബിനുള്ളിലെ പെൺവിജയങ്ങൾ

• ജാസ്മിൻ എ.എൻ കൊച്ചുകലുങ്ക്

*അറബ് ലോകത്തെ നേതൃനിരയിലുള്ള ഏറ്റവും സമ്പന്ന രാജ്യമാണ് സൗദി അറേബ്യ. അബ്ദുല്ല രാജാവിന്റെ പുതിയ നേതൃത്വത്തിൻ കീഴിൽ ആ വഴിയിൽ പുതിയ നാഴികക്കല്ലുകൾ നാട്ടി മുന്നേറുകയാണ് ഈ പ്രവിശാല രാഷ്ട്രം. എണ്ണ സമ്പന്നത നൽകിയ ഹരിത സമൃദ്ധിയാൽ മരുഭൂ തീക്ഷ്ണതയുടെ മണൽ നിറം മായ്ച്ച് കളയാൻ ശ്രമിക്കുകയാണ് ഇന്ന് സൗദി അറേബ്യ. ആ മാറ്റം സാമൂഹികാവസ്ഥയിലുൾപ്പെടെ എല്ലാ മേഖലകളിലും പ്രകടമാണ്. അറബ് ലോകത്തിന് പുറത്ത് പടിഞ്ഞാറ് മാത്രമല്ല, കിഴക്കൻ രാജ്യങ്ങളുമായും നല്ല ബന്ധം സ്ഥാപിക്കാനും സൗഹൃദം ഊഷ്മളമായി തുടരാനും അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ഈ വിശാല രാഷ്ട്രം നിതാന്ത ജാഗ്രത പുലർത്തുന്നു. ലോകത്തെ നൂറിലേറെ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ജോലിയും അന്നവും നൽകി ഏറ്റവും വലിയ ഉദാര രാഷ്ട്രമായി നിലനിൽക്കുന്നു. എന്നിട്ടും ലോകമാധ്യമങ്ങളടക്കം സൗദിയിലേത് ഒരു അടഞ്ഞ സമൂഹമാണെന്ന് ആക്ഷേപിക്കുന്നു. കാറ്റും വെളിച്ചവും കടക്കാത്ത ഒരു കുടുസുമുറിയിലേതിന് സമാനമായി അതിൻെറ സാമൂഹിക ഘടനയെ വിലയിരുത്തുന്നു. ഉയർന്ന മതിൽ കെട്ടുകൾക്കുള്ളിൽ, ഹിജാബിൻെറ തുണിക്കെട്ടിനുള്ളിൽ ഒളിച്ചിടപ്പെടുന്ന സ്ത്രീ, സൗദിസമൂഹത്തിന്റെ പുരുഷ ദുഷ്പ്രഭുത്വത്തിന്റെ തെളിവായി അവർ ഉയർത്തിക്കാട്ടുന്നു. അപ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ അനന്ത വിഹായസ്സിലേക്ക് ഒരു സൗദി പെണ്ണ് വിമാനം പറത്തി ഉയരുന്നത്. കാറോടിക്കാൻ അനുമതി നൽകാത്തിടത്ത് വിമാനം പറത്താൻ ലൈസൻസോ എന്ന് പറഞ്ഞ് പരിഹസിക്കാൻ മുതിരുമ്പോൾ ഭരണ സിരാകേന്ദ്രം മുതൽ സിനിമയുടെ അഭ്രപാളികളിൽ വരെ ശക്തമായ സ്ത്രീ സാന്നിധ്യത്തെ അറിയിച്ചുകൊണ്ട് അതിന് മറുപടി പറയുകയാണ് സൗദി സമൂഹത്തിന്റെ മാറിയ പരിസരം.*



ക്യാപ്റ്റൻ ഹനാദി

## ക്യാപ്റ്റൻ ഹനാദി

വലിയ യന്ത്രപക്ഷി ചിറക് വിരിച്ച് ആകാശത്തേക്ക് ഉയർന്നുപൊങ്ങി. കാലുകൾ ഉള്ളിലേക്ക് വലിച്ച് ചിറകുകളുടെ തൂവൽ അടരുകൾ ചലിപ്പിച്ച് ആ പക്ഷി കൂടുതൽ ഉയരത്തിലേക്ക് കുതിക്കുമ്പോൾ അതിന്റെ ഹൃദയത്തിലിരുന്നു ഒരു പെൺപക്ഷി കുറുകി, അൽ ഹംദുലില്ലാഹ്... ചില്ലുജാലകത്തിലൂടെ അവൾ താഴേക്ക് നോക്കി, പിന്നിടുന്ന വെൺമേഘപാളികളുടെ സുതാര്യ മറക്ക് താഴെ മണൽനിറത്തിൽ പിറന്ന നാട്. മാതൃവാൽസല്യത്താലും അതിലപ്പുറം ഭയപ്പാടോടെയും ഇതുവരെ അടക്കിപ്പിടിച്ച് നിറുത്തിയിരുന്ന മണ്ണ് ഇപ്പോൾ ഇതാ അവളെ സ്വതന്ത്രയാക്കിയിരിക്കുന്നു. പപ്പുംപൂടയും കരുത്തുറ്റിയപ്പോൾ പറന്നുപൊയ്ക്കോളൂ, നിൻെറ അന്നം നീ തന്നെ കണ്ടെത്തൂ എന്ന് ആ മാതൃഹൃദയം മന്ത്രിക്കുന്നതായി അവൾ കേട്ടു...

2005 ജൂൺ 15, ഹനാദി സക്കരിയ അൽ ഹിന്ദി എന്ന സൗദി യുവതി അത്യപൂർവമായ ഒരു ചരിത്രനേട്ടത്തിലേക്ക് അന്നാണ് പറന്നുയർന്നത്. ജോർദാൻ തലസ്ഥാന നഗരിയായ അമാനിലെ മിഡലീസ്റ്റ് അക്കാദമി ഫോർ ഏവിയേഷനിൽ നിന്ന് പഠനം പൂർത്തിയായി കോമേഴ്സ്യൽ പൈലറ്റ് ലൈസൻസ് നേടുമ്പോൾ അവൾക്ക് 27 വയസ്. കോക്ക്പിറ്റിൽ ഇരുന്നു ചരിത്രത്തിന്റെ ഗതിയെ അവൾ തിരിച്ചുവിട്ടത് ഒട്ടും തുറസല്ലാത്ത ഒരു ആകാശത്തിൽ ധാരാളം അപായചുഴികൾ മറഞ്ഞിരിക്കുന്നുണ്ട് എന്ന ബോധ്യത്തോടെ തന്നെയാണ്. വൈമാനികയായ ആദ്യ സൗദി വനിത എന്ന് ചരിത്രരേഖകളിൽ ലിഖിതപ്പെടൽ അത്ര ലഘുവായ പ്രശ്നമല്ലെന്ന് അവൾക്ക് അറിയാമായിരുന്നു. കാറോടിക്കാൻ സ്ത്രീക്ക് അനുമതി ഇല്ലാത്ത ഒരു സാമൂഹികപരിസരത്തിൽ പിറന്നുവീണ ഒരുവൾ വിമാനം പറത്തി രാജ്യത്തേക്ക് തിരിച്ചെത്തുമ്പോൾ യാഥാസ്ഥിതിക സമൂഹം എങ്ങനെ നേരിടും എന്ന് അവൾക്ക് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല.

'ഏറ്റവും ആദരണീയമായ ഒരു ജോലിയാണ് താൻ തെരഞ്ഞെടുത്തത്. എന്നാൽ തൻെറ രാജ്യത്ത്, അതിൻെറ പേരിൽ ദേഷ്യം പിടിച്ച കുറച്ചേറെ ജനങ്ങളെ തനിക്ക് നേരിടേണ്ടി വന്നേക്കാം. പക്ഷേ ഇത് എന്റെ ആഗ്രഹമായിരുന്നു, എൻെറ പിതാവിന്റെ അഭിലാഷമായിരുന്നു.' ഹനാദി മാധ്യമങ്ങളോട് പറഞ്ഞു. അവളുടെ ആശങ്കകളെ കാറ്റിൽ പറത്തി ജന്മനാട്ടിൽ കാത്തിരുന്നത് രാജകീയമായ ഒരു ഓഫറായിരുന്നു. രാജകുടുംബാംഗവും സൗദി സമ്പന്നരിൽ ഒന്നാമനുമായ കിങ്ഡം ഹോൾഡിങ് കമ്പനി ഉടമ വലീദ് ബിൻ തലാൽ രാജകുമാരൻ തൻെറ സ്വകാര്യ വിമാന കമ്പനിയിൽ പൈലറ്റാവാനാണ് അവളെ ക്ഷണിച്ചത്.

'ഇതൊരു ചരിത്ര നീക്കമാണ്, സൗദി സ്ത്രീകൾക്ക് വേണ്ടി' എന്ന് രാജകുമാരൻ പറഞ്ഞു. അവൾ 'ക്യാപ്റ്റൻ ഹനാദി'യായി ഏറെ ആഹ്ലാദത്തോടെ ആ ഓഫർ സ്വീകരിച്ചു. വ്യോമയാന പാതകളിലെ പുരുഷാധിപത്യം അവസാനിക്കുകയാണെന്ന് അവൾ വിധിയെഴുതി. തൻെറ നേട്ടം പ്രചോദനമായ ധാരാളം സൗദി സ്ത്രീകൾ ഈ മേഖലയിലേക്ക് വരാൻ മനസുകൊണ്ട് പരുവപ്പെട്ട് കഴിഞ്ഞതായി അവൾ തുറന്നുപറഞ്ഞു.

'സൗദി വനിതകൾ തീവ്ര ഉൽക്കർഷേച്ഛയും കഴിവുമുള്ളവരാണ്. പുരുഷന് കുത്തകയുള്ള

ജോലികൾ ഏറ്റെടുക്കാൻ അവൾ കഴിവുറ്റവളാണ്. പക്ഷേ ഒരു അവസരത്തിന് വേണ്ടി കാത്തിരിക്കുകയാണവർ.' ഇതേ അഭിപ്രായ പ്രകടനങ്ങളാണ് ഹനാദിയുടെ നേട്ടത്തെ അഭിനന്ദിച്ച് രാജ്യത്തിനുള്ളിലെ യുവത നടത്തിയതും. അമാനിലെ അക്കാദമിയിൽ വൈമാനികന്റെ യൂണിഫോമിനോടൊപ്പം ഹിജാബ് ധരിച്ച ഏക പരിശീലക അവൾ മാത്രമായിരുന്നു.

മക്കയിലാണ് ഹനാദി ജനിച്ചത്. ഉമ്മുൽ ഖുറ യൂണിവേഴ്സിറ്റിയിൽനിന്ന് 1998ൽ ബിരുദപഠനം പൂർത്തിയാക്കി നിൽക്കുമ്പോഴാണ് പിതാവിനോട് തന്റെ ആഗ്രഹം അറിയിക്കുന്നതും, വൈമാനിക ആകാനുള്ള സാധ്യതകൾ തിരയുന്നതും. ആ അന്വേഷണമാണ് അമാനിലെത്തി നിന്നത്. വ്യോമയാന രംഗത്തെ 100 ശ്രേഷ്ഠ സ്ത്രീവ്യക്തിത്വങ്ങളെ കുറിച്ച് പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ അവളും ഉൾപ്പെട്ടു. 10 വർഷത്തെ കരാറോടെ നാല് വർഷം മുമ്പ് വലീദ് രാജകുമാരന്റെ ഏവിയേഷൻ കമ്പനിയിൽ ചേർന്ന ഹനാദി ഇപ്പോൾ വീണ്ടും വാർത്തകളിൽ നിറയുന്നത് പക്ഷേ, ഈ നേട്ടങ്ങളുടെയൊന്നും പേരിലല്ല. ഒരു നൊമ്പരമായാണ്. അഭിനന്ദത്തിന്റെ മധുര വാക്കുകളല്ല, ആത്മാർഥമായ പ്രാർഥനാ മന്ത്രങ്ങളാണ് അവളിന്ന് തേടുന്നത്. വാർത്തകളിൽ അവൾ ഒരു കണ്ണീരാണ്. ഒരു ശസ്ത്രക്രിയക്ക് വിധേയപ്പെടാനുള്ള ഒരുക്കത്തിലാണ് അവൾ. ജിദ്ദ കിങ് ഫൈസൽ ആശുപത്രിയിലാണ് അവളിപ്പോഴുള്ളത്. അസുഖം ഭേദമായി താൻ തിരിച്ചുവരുമെന്നും ആകാശ പാതയിൽ ഇനിയുമേറെ ദൂരം തന്നെ കാത്തുകിടക്കുകയാണെന്നും അവൾ പറയുന്നു. തനിക്ക് വേണ്ടി പ്രാർഥിക്കൂ എന്ന് ഹനാദിയുടെ മനസ് മന്ത്രിക്കുന്നത് ഓരോ ദിവസത്തെയും വൃത്താന്തങ്ങളിൽനിന്ന് നമുക്ക് കേൾക്കാം.

## നൂറാ അബ്ദുല്ല അൽ ഫയാസ്

നന്മയെ പ്രോത്സാഹിപ്പിക്കാനും തിന്മയെ ഉച്ചാടനം ചെയ്യാനും ഭരണപരമായി ചുമതലയേൽപ്പിക്കപ്പെട്ട മുതവ്വമാരുടെ ശക്തമായ എതിർപ്പോടെ നടപ്പാക്കിയ ഒരു വിപ്ലവാത്മക നടപടിയായിരുന്നു അത്- സൗദി ഭരണകൂടത്തിൽ ഒരു സ്ത്രീശബ്ദത്തെ കുടിയിരുത്തുക. നൂറാ അബ്ദുല്ല അൽ ഫയാസ് അങ്ങനെയാണ് സൗദി അറേബ്യയിലെ ആദ്യ വനിതാമന്ത്രിയായി ചരിത്രത്തിലിടം നേടിയത്. പൊതുവെ സമൂഹം പുരുഷാധിപത്യമായതു മാത്രമല്ല, ഭരണകൂടവും അങ്ങനെയായ ഒരു രാജ്യത്ത് ഒരു സ്ത്രീക്ക് സാഹസികമായി മാത്രം എത്താൻ കഴിയുന്ന ഉന്നതാധികാര പദവികളിലൊന്നിലേക്കാണ് ഉന്നത വിദ്യാഭ്യാസയോഗ്യതകളുള്ള ഈ മധ്യവയസ്ക കയറി ചെന്നത്. അബ്ദുല്ല രാജാവിന്റെ ദൃഢനിശ്ചയത്തിന് മുന്നിൽ എല്ലാ എതിർപ്പുകളും വഴിമാറിയപ്പോൾ ഏറെ സാഹസം കൂടാതെതന്നെ നൂറ മന്ത്രിസഭയിലെ ഏക സ്ത്രീസാന്നിധ്യമായി. സ്ത്രീ വിദ്യാഭ്യാസവകുപ്പിൽ സഹമന്ത്രിയായായിരുന്നു നിയമനം.



ഡോ. ഹയാത്ത് സിഡി

റിയാദിൽ ജനിച്ച അവർ 1978ൽ റിയാദിലെ കിങ് സഊദ് യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യോളജിയിൽ ബിരുദം നേടി. അതിന് ശേഷം അമേരിക്കയിൽ ഉപരിപഠനം. 1982ൽ സൗദി അറേബ്യയിൽ തിരിച്ചെത്തിയ അവർ വലീദ് ബിൻ തലാൽ രാജകുമാരന്റെ കിങ്ഡം സ്കൂൾസ് ഗ്രൂപ്പിന്റെ ഗേൾസ് വിഭാഗത്തിൽ പ്രിൻസിപ്പലായി ചേർന്നു. 1989ൽ സൗദി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്വകാര്യ വിദ്യാഭ്യാസ വിഭാഗത്തിൽ കൺട്രോളറായി നിയമിക്കപ്പെട്ടു. 1993ൽ റിയാദിലെ പബ്ലിക് അഡ്മിനിസ്ട്രേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വനിതാ വിഭാഗത്തിൽ ഡയറക്ടറായി അവരോധിക്കപ്പെട്ടു. അവിടെ നിന്നാണ് മന്ത്രിസഭയിലേക്കുള്ള വഴി ഒരുങ്ങിയത്. സൗദി അറേബ്യയിലെ സാമൂഹിക പരിഷ്കരണ ശ്രമങ്ങളിലെ വിപ്ലവാത്മകമായ നടപടിയായി ലോകം വിലയിരുത്തിയ ഈ നിയമനം ഏറെ ശുഭാപ്തി വിശ്വാസത്തോടെയാണ് അബ്ദുല്ല രാജാവ് നിർവഹിച്ചത്.

സ്ത്രീകൾക്ക് പൊതുരംഗത്ത് പ്രത്യക്ഷപ്പെടുന്നതിൽ ഏറെ നിയന്ത്രണങ്ങളുള്ള സാമൂഹിക ഘടനയെ നൂറാ അൽ ഫയാസ് എങ്ങനെ അഭിമുഖീകരിക്കും എന്ന ആശങ്ക പലഭാഗത്തുനിന്നും ഉയർന്നിരുന്നു. എന്നാൽ മികച്ച മന്ത്രിയായി അവർ ഇന്നും മന്ത്രിസഭയിൽ തന്റെ ദൗത്യം നിർവഹിച്ചു പോരുന്നു. കിങ് ഫഹദിന്റെ മരണത്തിന് ശേഷം അവരോധിതനായ അബ്ദുല്ല രാജാവ് വൈകാതെ നടത്തിയ ആദ്യ മന്ത്രിസഭാ വികസനത്തിലാണ് നൂറാ അൽ ഫയാസിന് മുന്നിൽ ചരിത്രത്തിന്റെ വാതിൽ തുറക്കപ്പെട്ടത്.

## ഹയാത്ത് സിഡി

അറേബ്യൻ വനിതയുടെ മാതൃകയായി പ്രമുഖരാൽ ആദരിക്കപ്പെട്ട ഡോ. ഹയാത്ത് സിഡി ആധുനിക ശാസ്ത്രലോകം ശ്രദ്ധിച്ച സൗദി യുവഗവേഷകയാണ്. പ്രകാശവും അൾട്രാസൗണ്ടും സംയോജിപ്പിച്ച് അതിസൂക്ഷ്മതലങ്ങളിൽ പരിശോധന നടത്താൻ കഴിയുന്ന, ഗോപ്യമായതിനെ പോലും കണ്ടെത്താൻ കഴിയുന്ന, ബയോടെക്നോളജി രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാവുന്ന ഒരു ഉപകരണം സ്വയം വികസിപ്പിച്ചെടുത്ത അതിസമർഥയായ ആ അറബി വനിത തന്റെ കണ്ടുപിടിത്തം അറബ് ലോകത്തിന് സമർപ്പിക്കാൻ വേണ്ടി തള്ളിക്കളഞ്ഞത് പാശ്ചാത്യരാജ്യങ്ങളിലെ പ്രമുഖരായ നിർമാതാക്കളുടെ 350 ദശലക്ഷം ഡോളറിന്റെ വൻ ഓഫറാണ്. യു.കെ. ഏവിയേഷൻ ഇൻഡസ്ട്രിയും നാസയും സിഡിക്ക് പിന്നാലെ വൻ ഓഫറുകളുമായെത്തിയ നിർമാതാക്കളുടെ പട്ടികയിലുണ്ടായിരുന്നു എന്ന് അറിയുമ്പോഴാണ് ബ്രിട്ടനിലെ സൗദി അംബാസഡർ തുർക്കി അൽ ഫൈസൽ രാജകുമാരൻ എട്ടാമത് ലോക വനിതാവ്യവസായികളുടെ സമ്മേളനത്തിൽ വെച്ച് ഡോ. ഹയാത്ത് സിഡിക്ക് ചാർത്തി കൊടുത്ത 'അറേബ്യൻ വനിതയുടെ മാതൃക' എന്ന ആദരവിന്റെ അർഥവും ആഴവും മനസിലാകുക.

'മാർസ്' എന്ന ചുരുക്കപ്പേരിലാണ് 'മാഗ്നറ്റിക് അകസ്റ്റിക് റീസ്വണൻസ് സെൻസർ' എന്ന ആ ഉപകരണം അറിയപ്പെടുന്നത്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം നടത്തുമ്പോഴാണ് ഡോ. സിഡി 'മാർസ്' നിർമിക്കുന്നത്. താമസിയാതെ ആ കണ്ടുപിടിത്തം ആഗോള പേറ്റന്റ് നേടിയെടുത്തു. വിവിധതരം കാൻസറുകളുടെ രോഗനിർണയത്തിന്

ഏറെ സഹായകരമാണത്രെ 'മാർസ്'.

'ഈ പുതിയ ഉപകരണത്തിന്റെയും എന്റെ ഗവേഷണത്തിന്റെയും പ്രയോജനം അറബ് രാജ്യങ്ങൾക്ക് കിട്ടണം. അതുകൊണ്ടാണ് ലോകത്തെ പ്രമുഖ കമ്പനികളുടെ വരെ മോഹിപ്പിക്കുന്ന ഓഫറുകൾ വേണ്ടെന്നുവെച്ചത്. വാണിജ്യാടിസ്ഥാനത്തിൽ അത് നിർമിച്ച് വിപണനം ചെയ്യുന്നതിന് അറബ് ലോകത്തു നിന്നുള്ള സ്ഥാപനങ്ങൾ തയ്യാറാകണം. അതിനുവേണ്ടിയാണ് ഞാൻ കാത്തിരിക്കുന്നത്. എൻെറ ഗവേഷണഫലങ്ങളുടെ ഗുണങ്ങൾ മനുഷ്യസമൂഹം അനുഭവിച്ചു തുടങ്ങുന്നത്, എൻെറ വേരുകൾ ആഴ്ന്നുകിടക്കുന്ന എൻെറ നാട്ടിൽ നിന്നാകണം എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു.' ഹയാത്ത് സിന്ധി വനിതാ വ്യവസായികളുടെ സമ്മേളനത്തിൽ തൻെറ മനസ് തുറന്നു.

ഡോ: ഹയാത്ത് സിന്ധി ഒരു സാധാരണ കുടുംബത്തിൽ മക്കയിലാണ് ജനിച്ചത്. സൗദിയിലെ സ്കൂൾ പഠനത്തിന് ശേഷം ലണ്ടനിലെ കിങ്സ് കോളേജിൽനിന്ന് ഫാർമക്കോളജിയിൽ ബിരുദമെടുത്തു. ബയോടെക്നോളജിയിൽ സീനിയർ ശാസ്ത്ര ഗവേഷകയായി സ്ലംബർഗർ കേംബ്രിഡ്ജ് റിസർച്ച് സെന്ററിലും ഓണററി റിസർച്ച് ഫെല്ലോ ആയി എക്സീറ്റർ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ബയോളജിക്കൽ ആന്റ് കെമിക്കൽ സയൻസിലും പിന്നീട് നിയമിതയായി. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജീസ് അറബ് സ്റ്റുഡന്റ് ഓർഗനൈസേഷന്റെ (മിറ്റാസോ) യങ് പ്രൊഫഷണൽ അവാർഡ് ഈ കാലയളവിൽ സിന്ധിയെ തേടിയെത്തി. പിന്നീട് നിരവധി പുരസ്കാരങ്ങളും ദേശീയ അന്തർദേശീയ വേദികളിൽ സംസാരിക്കാനുള്ള അവസരങ്ങളും. റിയാദിൽ നടന്ന നാഷണൽ ഡയലോഗ് ഫോറത്തെ അഭിസംബോധന ചെയ്യാൻ അവൾ ക്ഷണിക്കപ്പെട്ടത് സൗദി ഭരണാധികാരി അബ്ദുല്ല രാജാവിനാൽ നേരിട്ടായിരുന്നു. ശാസ്ത്രഗവേഷണ രംഗവുമായി ബന്ധപ്പെട്ട് പല രാജ്യാന്തര വേദികളിലും എത്തിപ്പെടുമ്പോൾ ഹിജാബ് ധരിച്ച ഒരു മുസ്ലിം സ്ത്രീ ഇവിടെയുമോ എന്ന് അത്ഭുതം കൂറുന്ന മുഖഭാവങ്ങൾ കാണാനിടയായിട്ടുണ്ടെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.

## ഡോ. നഹദ് താഹിർ



*ഡോ. നഹദ് താഹിർ*

ബാങ്കിങിന് പതിവിൽ കവിഞ്ഞ നിയന്ത്രണങ്ങളുള്ള ഒരു രാജ്യത്തുനിന്ന് ലോകം അറിയപ്പെടുന്ന ഒരു ധനകാര്യ വിദഗ്ധയും വാണിജ്യ ബാങ്കിൻെറ സ്ഥാപകയും സി.ഇ.ഒ യുമായി മാറുക. ബാങ്കിങ് മേഖലയിൽ അത്തരം ഒരു പദവിയിൽ എത്തുന്ന ആ നാട്ടിലെ ആദ്യ വനിതയാവുക. ഡോ. നഹദ് താഹിർ അതാണ്. 100 ദശലക്ഷം ഡോളറിൻെറ ആസ്തിയുള്ള ഗൾഫ് വൺ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെ അധിപയാണ് ലോകത്തെ ഏറ്റവും ശക്തരായ 100 വനിതകളിൽ 72-ാം സ്ഥാനക്കാരിയായി 2006ൽ ഫോർബ്സ് മാഗസിൻ കണ്ടെത്തിയ ആ സൗദി വനിത.

കുടുംബ ബിസിനസ്സായ പെട്രോളിയം മേഖലയിൽ നിന്ന് വഴിമാറി നടക്കാനുള്ള നഹദ് താഹിറിന്റെ ചിന്തയുടെ തുടക്കം കുടുംബത്തിനുള്ളിൽ തന്നെ നടക്കാറുള്ള ബിസിനസ് ചർച്ചകളിൽ നിന്നായിരുന്നു. പെട്രോമിൻ കമ്പനിയുടെ ഗവർണറായിരുന്നു ഒരു അമ്മാവൻ. അതിൻെറ വൈസ് പ്രസിഡന്റായിരുന്നു പിതാവ്. പാരമ്പര്യമായി കുടുംബത്തിന്റെ ബിസിനസ്സ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിപണന മേഖലയിലായിരുന്നു. എന്നാൽ വീട്ടിനുള്ളിൽ നടക്കുന്ന ചർച്ചകളിൽനിന്ന് ഭാവിയിലേക്കുള്ള വഴി എണ്ണയിലൂടെ വേണ്ട എന്ന് അവൾ തീരുമാനിക്കുകയായിരുന്നു. അറബ് ലോകത്തിന്റെ ഏറ്റവും വലിയ പരിമിതി എണ്ണ എന്ന ഏകോൽപ്പന്ന സമ്പദ്‌വ്യവസ്ഥയാണ് മിക്ക രാജ്യങ്ങളുടേതും എന്നതായിരുന്നു. അതിൽനിന്ന് ഒരു വ്യതിയാനം, സാമ്പത്തിക വിപണിയുടെ വൈവിധ്യവത്കരണം എന്നത് അറബ് ലോകത്തിന്റെ മാറുന്ന ഭാവി ആവശ്യപ്പെടുന്നതാണെന്ന് അവൾക്ക് തോന്നി. അതാണ് വിപണിയുടെ സ്വാധീന ഘടകങ്ങളിൽ പ്രധാനപ്പെട്ടതായ ബാങ്കിങ് രംഗത്തേക്കുള്ള അവരുടെ ശ്രദ്ധ തിരിഞ്ഞത്.

തുടക്കത്തിൽ ഇക്കണോമിക്സിലായിരുന്നു കമ്പം. ജിദ്ദയിലെ കിങ് അബ്ദുൽ അസീസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദമെടുത്ത ശേഷം ബ്രിട്ടനിലെ ലാൻകാസ്റ്റർ യൂണിവേഴ്സിറ്റി മാനേജ്മെന്റ് സ്കൂളിൽനിന്ന് എക്കണോമിക്സിൽ ബിരുദാനന്തര ബിരുദം നേടി. അവിടെ ഗവേഷണ വിദ്യാർഥിയായി പി.എച്ച്.ഡി നേടി സൗദിയിലേക്ക് തിരിച്ചെത്തി. സൗദിയിലെ നാഷണൽ കോമേഴ്സ്യൽ ബാങ്കിൽ സീനിയർ സാമ്പത്തികാര്യ വിദഗ്ധയായി ചേർന്നു. 4000 പുരുഷ ഉദ്യോഗസ്ഥർക്കിടയിൽ ഉയർന്ന പദവിയിൽ ഒരു സ്ത്രീ ആദ്യമായാണ് ആ ബാങ്കിങ് ശൃംഖലയിൽ നിയമിക്കപ്പെട്ടത്. കോംപാസ് കൺസൾട്ടിങ് എന്ന ഫിനാൻഷ്യൽ അഡ്വൈസറി കമ്പനിയുടെ മാനേജിങ് പാർട്ട്ണറായിരുന്നു പിന്നീട് 2005 വരെ. ആ വർഷമാണ് അവരുടെ ജീവിതത്തിൽ ഏറ്റവും വലിയ വഴിത്തിരിവ് സൃഷ്ടിച്ച് ഗൾഫ് വൺ ഇൻവെസ്റ്റ്മെന്റ് ബാങ്ക് പിറക്കുന്നത്. ബഹ്റൈൻ ആസ്ഥാനമായി സ്ഥാപിക്കപ്പെട്ട ബാങ്കിന്റെ സി.ഇ.ഒയായി ചാർജ്ജെടുക്കുമ്പോൾ അത് പുതിയൊരു ചരിത്രമായി മാറുകയായിരുന്നു. ഗൾഫ് മേഖലയിലെ അത്തരത്തിലൊരു പദവിയിലെത്തുന്ന ആദ്യ വനിതയെന്ന ചരിത്രത്തിലെ അപൂർവതക്ക് അർഹയാകുമ്പോൾ അവരുടെ പ്രായം 42. ആ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന പദവിയും അവർ വഹിക്കുന്നുണ്ട്. ഇതിനിടയിൽ സൗദി അറേബ്യയിലെ നിരവധി സ്വകാര്യ കമ്പനികളിൽ ഉടമസ്ഥ പങ്കാളിത്തവും അവർ കയ്യാളി. നിരവധി പ്രമുഖ കമ്പനികളുടെ ചെയർപേഴ്സണും ബോർഡ് മെമ്പറുമൊക്കെയാണ് ഡോ. നഹദ് ഇന്ന്. ജിദ്ദയിലെ കിങ് അബ്ദുൽ അസീസ് യൂണിവേഴ്സിറ്റിയിൽ ഇക്കണോമിക്സ് പ്രൊഫസറായിരുന്ന അവർ വകുപ്പു മേധാവിയായും പ്രവർത്തിച്ചിട്ടുണ്ട്. രാജ്യാന്തര ബിസിനസ്, ബാങ്കിങ് കോൺഫറൻസുകളിലും മറ്റും സൗദി ഗവൺമെന്റിനെ പലതവണ അവർ പ്രതിനിധീകരിച്ചിട്ടുണ്ട്. ബിസിനസ് വുമൺ ഓഫ് ദ ഇയർ പുരസ്കാരങ്ങൾ രണ്ടു തവണ നേടിയിട്ടുണ്ട്. മറ്റ് നിരവധി പുരസ്കാരങ്ങളും അവരെ തേടിയെത്തി.